ഉത്തരം

(എ) കേന്ദ്ര സർക്കാർ നൽകുന്ന അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഉപയോഗിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ചുമതലയുള്ള ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ആകെ 33 കോടി രൂപയാണ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്. ഈ വർഷം സംസ്ഥാന സർക്കാർ മിഷന് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം ഒരു കോടി രൂപയാണ്.

(ബി) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം 2 ആയി ചേർന്നിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പ്രോപ്പർട്ടി ടാക്സ്

125 [126] ശ്രീ. അടൂർ പ്രകാശ്:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, ടി. എൻ. പ്രതാപൻ:

,, വി. ഡി. സതീശൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോപ്പർട്ടി ടാക്സ് കണക്കാക്കുന്നത് സാമ്പത്തിക വർഷത്തേക്കാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത നികുതി ഓരോ അർദ്ധ വർഷവും അടയ്ക്കുവാൻ നികുതിദായകർക്ക് അനുമതി നൽകാറുണ്ടോ;

(ബി) ഒരു വർഷത്തെ പ്രോപ്പർട്ടി ടാക്സ് ബന്ധപ്പെട്ട വർഷത്തിന്റെ അവസാനത്തിൽ അടയ്ക്കുമ്പോൾ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും ആദ്യ പകുതി വർഷത്തെ നികുതി കുടിശ്ശികയായി കണക്കാക്കി പിഴ പലിശ ഈടാക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ 1994-ലെ മുനിസിപ്പാലിറ്റീസ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇപ്രകാരം പിഴപലിശ ഈടാക്കുന്നത് ക്രമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമൂഹത്തിലെ താഴെ തട്ടിലുള്ള ദരിദ്രർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ഇത്തരം നടപടി ഒഴിവാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പർട്ടി ടാക്സ് കണക്കാക്കുന്നത് സാമ്പത്തിക വർഷത്തേക്കാണ്. പ്രസ്തുത നികുതി ഓരോ അർദ്ധവർഷവും അടയ്ക്കാൻ നികുതിദായകർക്ക് അനുമതി നൽകാറുണ്ട്.

(ബി) സംസ്ഥാനത്തെ നഗരസഭകളിൽ അടയ്ക്കാത്ത സംഖ്യയുടെ കുടിശികയ്ക്ക് പലിശ ഈടാക്കാറുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തുകളിൽ പിഴപ്പലിശ ഈടാക്കാൻ വ്യവസ്ഥ ഇല്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 538(2) അനുസരിച്ച് ഇത് ക്രമപ്രകാരമാണ്.

(ഡി) സമൂഹത്തിലെ താഴെ തട്ടിലുള്ള ദരിദ്രർ കൂടുതലുള്ള ഗ്രാമ പ്രദേശങ്ങളിൽ പിഴ പലിശ ഈടാക്കാൻ വ്യവസ്ഥ ഇല്ല.

നദികളിലെ അനധികൃത മണലൂറ്റ് തടയുന്നതിന് നടപടി

126 [127] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മണൽവാരൽ, സംഭരണം, വിൽപ്പന എന്നിവയുടെ ചുമതല തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ എത്ര കടവുകളിൽ ഇപ്പോൾ മണലൂറ്റ് നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൻതോതിലുള്ള അനധികൃത മണലൂറ്റ് തടയുന്നതിനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly